No . 86811/DOA-ASST-6/2023/Admn　　　　　　　　　　　　　　　　　　Dated: 09.06.2023

# കാലിക്കറ്റ് സർവ്വകലാശാല

## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

## അഫ്സൽ-ഉൽ-ഉലമ (പ്രിലിമിനറി) ദ്വിവത്സര കോഴ്സ്

## പ്രവേശന വിജ്ഞാപനം -2023-24

2023-24 അദ്ധ്യയന വർഷത്തിൽ കാലിക്കറ്റ് സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ **അഫ്സൽ-ഉൽ-ഉലമ (പ്രിലിമിനറി) ദ്വിവത്സര കോഴ്സിൽ** പ്രവേശനം ലഭിക്കുന്നതിന് വിദ്യാർത്ഥികളിൽ നിന്ന് ഓൺലൈനായി അപേക്ഷകൾ ക്ഷണിക്കുന്നു.

**പ്രവേശന യോഗ്യത** - എസ്.എസ്.എൽ.സി, ടി.എച്ച്.എസ്.എൽ.സി. (കേരള സിലബസ്), സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, തുടങ്ങിയ സ്കീമുകളിൽ പരീക്ഷ ജയിച്ചവർക്കും മറ്റു സംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നും എസ്.എസ്.എൽ.സി.ക്ക് തുല്യമായ പരീക്ഷ വിജയിച്ചിട്ടുള്ളവർക്കും അപേക്ഷിക്കാം. പൊതുപരീക്ഷയിലെ ഓരോ പേപ്പറിനും കുറഞ്ഞത് ഡി+ ഗ്രേഡോ തത്തുല്യമായ മാർക്കോ വാങ്ങി ഉന്നതപഠനത്തിനു യോഗ്യത നേടിയിരിക്കണം. മറ്റ് സ്കീമുകളിൽപെട്ട അപേക്ഷകർ വിവിധ വിഷയങ്ങളുടെ ഓരോ പേപ്പറിനും അതാത് ബോർഡുകൾ നിശ്ചയിച്ചിട്ടുള്ള വിജയിക്കാനാവശ്യമായ മിനിമം മാർക്ക് നേടിയിരിക്കണം.

അപേക്ഷകർക്ക് 2023 ജൂൺ മാസം ഒന്നിന് പതിനഞ്ച് വയസ് പൂർത്തിയായിരിക്കണം. എന്നാൽ ഇരുപത് വയസ് കഴിയാൻ പാടില്ല. പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്ന വ്യവസ്ഥക്ക് അഫ്സൽ- ഉൽ -ഉലമ (പ്രിലിമിനറി) പ്രോസ്പെക്ടസ് 2023 കാണുക.

**അപേക്ഷ സമർപ്പിക്കേണ്ടവിധം:**

***http://admission.uoc.ac.in*** എന്ന വെബ്സൈറ്റിൽ ഓൺലൈൻ മുഖാന്തരമാണ് അപേക്ഷ നൽകേണ്ടത്.

**ഓൺലൈൻ രജിസ്ട്രേഷൻ ഫീ:**

എസ്.സി/എസ്.ടി - 185/- രൂപ

മറ്റുള്ളവർ - 445/- രൂപ

2023 -24 അഫ്ലൽ- ഉൽ -ഉലമ പ്രിലിമിനറി ഏകജാലക പ്രവേശന പട്ടിക

| ക്രമ നമ്പർ | പ്രവർത്തനം | തീയതി |
|---|---|---|
| 1 | ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുന്ന ദിവസം | **09.06.2023** |
| 2 | ഓൺലൈൻ രജിസ്ട്രേഷൻ അവസാനിക്കുന്ന ദിവസം | **23.06.2023** |
| 3 | അലോട്ട്മെൻറുമായി ബന്ധപ്പെട്ട തീയതികൾ | **പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്** |

പ്രവേശനം , കോളേജ് ,കോഴ്സ് തുടങ്ങിയ വിവരങ്ങൾ അറിയുന്നതിന് വേണ്ടി അഫ്സൽ- ഉൽ -ഉലമ (പ്രിലിമിനറി) പ്രോസ്പെക്ടസ് 2023 കാണുക.

**Dr. Satheesh.E.K**

**Registrar**